# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2370 12.03.2020-ൽ മറുപടിയ്ക്ക്.

<u>വനവിഭവവും നികുതിപിരിവും</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ : | | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനവികസനത്തി നായി ഓരോ വർഷവും ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനവികസനവുമായി ബന്ധപ്പെട്ട് ഓരോ വർഷവും ബജറ്റിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു:- |

| ക്രമ നം. | വർഷം | വനം വകുപ്പിന്റെ പദ്ധതികൾക്കായി ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ അനുവദിച്ച തുക | ചെലവാക്കിയ തുക |
|---|---|---|---|
| | | തുക ലക്ഷത്തിൽ | |
| 1. | 2016-17 | 28624.43 | 23902.377 |
| 2. | 2017-18 | 30769.735 | 18802.832 |
| 3. | 2018-19 | 30593.948 | 17243.866 |
| 4. | 2019-20 | 25581.66 | 13816.535 (29.02.2020 വരെ) |
| 5. | 2020-21 | 21043.00 | |

| | | | |
|---|---|---|---|
| (ബി) | വനവിഭവ വിൽപ്പനയിൽ നിന്നുള്ള അധിക നികുതിപിരിവായി എത്ര രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 2017 ജൂലൈ 1-ന് മുമ്പായി, വനവിഭവ വിൽപ്പനയിൽ (തടി വിൽപ്പന), 5% വന വികസന നികുതിയും 12.5% VAT-ഉം ഈടാക്കി വന്നിരുന്നു. തുടർന്ന്, VAT-നു പകരം ജി.എസ്.റ്റി. നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 2017 ജൂലൈ 1-ന് ശേഷം 18% ജി.എസ്.റ്റി. ഈടാക്കിവരുന്നു. 01.07.2017-ന് ശേഷവും 5% വന വികസന നികുതി തുടർന്നുവരുന്നു. നിലവിൽ, വനവികസന നികുതിയ്ക്ക് പുറമെ, 2019 ആഗസ്റ്റ് 1 മുതൽ, 1% പ്രളയ സെസ്സ്-ഉം ഈടാക്കിവരുന്നു.<br><br>മേൽ പ്രതിപാദിക്കും പ്രകാരം നികുതി പിരിവായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജി.എസ്.റ്റി / VAT ഇനത്തിൽ 17,413.26 ലക്ഷം രൂപയും ഫോറസ്റ്റ് ഡവലപ്പ്മെന്റ് ടാക്സ് (എഫ്.ഡി.റ്റി.) ഇനത്തിൽ 4,585.44ലക്ഷം രൂപയും പ്രളയ സെസ്സായി 35.38 ലക്ഷം രൂപയും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | വനവിഭവ വിൽപ്പനയിൽ നിന്നുള്ള അധികനികുതി സമാഹരണത്തിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | തടിയുടെ വിലയുടെ 5 % വനവികസന നികുതിയായി (എഫ്.ഡി.റ്റി) ഈടാക്കിവരുന്നു. തടിവിലയും വികസന നികുതിയും കൂട്ടിക്കിട്ടുന്ന ആകെ തുകയുടെ 18% ജി.എസ്.റ്റിയും, 1% പ്രളയ സെസ്സും ഈടാക്കിവരുന്നു.<br><br>ടി നികുതി തുക ചെലാൻ മുഖേന ട്രഷറിയിൽ പണമായി ഒടുക്കുകയോ, www.etreasury.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന, തടിയുടെ വിലയും വനവികസന നികുതിയും ഓൺ ലൈൻ ആയി അടയ്ക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ, ജി.എസ്.റ്റി. , പ്രളയ സെസ്സ് എന്നിവ ബന്ധപ്പെട്ട ഡിപ്പോയുടെ ബാങ്ക് അക്കൗണ്ട് മുഖാന്തിരം ഓൺലൈൻ ആയി അടയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ